## ഇന്ത്യ- പാലസ്തീന് വിദേശകാര്യ കാര്യാലയ ഒന്നാംവട്ട ചര്ച്ചകള്

മെയ് 04, 2015

ഇന്ത്യ- പാലസ്തീന് വിദേശകാര്യ കാര്യാലയ ഒന്നാംവട്ട ചര്ച്ചകള് പാലസ്തീനിലെ രാമല്ലാഹില് വച്ച് മെയ് നാലിന് നടന്നു (മെയ് 04,2015 ). പാലസ്തീന് പ്രതിനിധികളെ പാലസ്തീന് വിദേശകാര്യ മന്ത്രാലയത്തിലെ ഏഷ്യ , ആഫ്രിക്ക, ഓസ്ട്രേലിയക്കുള്ള മന്ത്രിയുടെ അസിസ്റ്റന്റ്, അംബാസഡര് മെസന് ഷാമിയ നയിച്ചു. ഇന്ത്യയുടെ പ്രതിനിധികളെ അംബാസഡര് സന്ദീപ് കുമാര്, വിദേശ കാര്യ മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറി (പശ്ചിമ ഏഷ്യ, ഉത്തര ആഫ്രിക്ക ) നയിച്ചു. പൂര്ണവ്യാപ്തിയില് ഉഭയകക്ഷി ബന്ധങ്ങള് അവലോകനം ചെയ്തു. ഉഭയകക്ഷി ബന്ധം മുന്നോട്ട് കൊണ്ടുപോകുന്നതിന് ആവശ്യമായ സംവിധാന തന്ത്രങ്ങള് ചര്ച്ച ചെയ്യുകയും ചെയ്തു .

പലസ്തീന് പ്രശ്നത്തില് ഇന്ത്യ തുടരുന്ന പിന്തുണ, മിഡില് ഈസ്റ്റ് സമാധാന പ്രക്രിയകള്, മേഖലാ വികസനം, തീവ്രവാദത്തിനെതിരെയുള്ള യുദ്ധം, ഐക്യരാഷ്ട്ര സുരക്ഷാ കൌണ്സില് പരിഷ്കാരം ഉള്പ്പെടെ പ്രധാനപ്പെട്ട മേഖലാ, ബഹുമുഖ വിഷയങ്ങള് അവര് ചര്ച്ച ചെയ്തു. ഈ വിഷയത്തില് ഐക്യരാഷ്ട്ര സുരക്ഷാ കൌണ്സിലില് സ്ഥിരാംഗത്വം നേടുവാനുള്ള ഇന്ത്യയുടെ ശ്രമത്തെയും അഭിലാഷത്തെയും പിന്തുണക്കുമെന്ന് പാലസ്തീന് വിഭാഗം അടിവരയിട്ടു പറഞ്ഞു .

ന്യൂഡെല്ഹി

മെയ് 04, 2015